**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- നോർത്ത് പരവൂർ നഗരസഭയിലെ സീനിയർ ക്ലർക്ക് തസ്തികയിൽ നിന്നും വിരമിച്ച റ്റി എസ്. രാജഗോപാൽ- സേവനത്തിൽ നിന്ന് വിട്ടുനിന്ന കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1673/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 03.08.2019

---

പരാമർശം : നഗരകാര്യഡയറക്ടറുടെ 02.07.2019 തീയതിയിലെ ഇ 3-14826/17 നമ്പർ കത്ത്.

## ഉത്തരവ്

നോർത്ത് പരവൂർ നഗരസഭയിലെ സീനിയർ ക്ലർക്ക് തസ്തികയിൽ നിന്നും വിരമിച്ച റ്റി എസ്. രാജഗോപാൽ 03.04.2018-ൽ മരണപ്പെട്ടിട്ടുള്ളതായും, ടിയാൻ കണ്ണൂർ നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ 01.06.2008 മുതൽ തുടർച്ചയായി അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിന് ടിയാനെ 26.02.2009 മുതൽ സസ്പെന്റ് ചെയ്യുകയും തുടർന്ന് 23.10.2009- ന് സസ്പെൻഷൻ പിൻവലിക്കുകയും, നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് നടപടികൾ പ്രകാരം ടിയാനെ കണ്ണൂർ നഗരസഭയിൽ നിന്നും നോർത്ത് പറവൂർ നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളതും 24.12.2009 പൂർവ്വാഹ്നം മുതൽ ടിയാൻ നോർത്ത് പരവൂർ നഗരസഭയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണെന്നും നഗരകാര്യഡയറക്ടർ പരാമർശം ഒന്ന് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2. 01.06.2008 മുതൽ 23.12.2009 വരെയുള്ള ഈ കാലയളവ് നാളിതുവരെ റഗുലറൈസ് ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത കാലയളവിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ടി കാലയളവിലെ അവധി അപേക്ഷകൾ, മെഡിക്കൽ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട ഉത്തരവുകളും സഹിതം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റ്റി എസ്. രാജഗോപാലിന്റെ 01.06.2008 മുതൽ 23.12.2009 വരെയുള്ള അവധി കാലയളവ് അനധികൃതഹാജരില്ലായ്മയിലും സസ്പെൻഷനിലുമായതിനാൽ കെ.എസ്.ആർ അനുബന്ധം 12 എ ചട്ടത്തിലെ വ്യവസ്ഥയ്ക്കനുസൃതമായാണ് ക്രമീകരിക്കേണ്ടത് എന്നതിനാലും, ടി അവധി മറ്റ് ഒരു അവധിയോടും ചേർത്തെടുക്കാനാകാത്ത സാഹചര്യത്തിലും, നോർത്ത് പരവൂർ നഗരസഭയിലെ സീനിയർ ക്ലർക്ക് തസ്തികയിൽ നിന്നും വിരമിച്ച റ്റി എസ്. രാജഗോപാലിന്റെ, 01.06.2008 മുതൽ 23.12.2009 വരെ

സേവനത്തിൽ നിന്നും വിട്ടുനിന്ന കാലയളവ് കാലയളവ് മുൻകാലസേവനം നഷ്ടമാകാത്തവിധം 'നോൺ ഡ്യൂട്ടി'യായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി. പ്രേമലതാദേവി, W/o റ്റി എസ്. രാജഗോപാൽ, റിട്ട.സീനിയർ ക്ലർക്ക്, നോർത്ത് പരവൂർ നഗരസഭ. (നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, നോർത്ത് പരവൂർ നഗരസഭ. (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ